**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **25-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ തത്സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോട്ടൂരിൽ നിലവിലുണ്ടായിരുന്ന ആനപുനരധിവാസ കേന്ദ്രത്തെ 50 ആനകളെ പാർപ്പിക്കുന്നതിനുള്ള സൗകര്യത്തോടു കൂടിയ കേന്ദ്രമാക്കാനാണ് നവീകരണപ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 35 ആനകൾക്കുള്ള വാസസ്ഥലം, കുട്ടിയാനകളുടെ പരിചരണകേന്ദ്രം, കുട്ടിയാനകൾക്കുള്ള ക്വാറന്റയിൻ കേന്ദ്രം, 12 ആനക്കൊട്ടിലുകൾ, കാട്ടിൽ നിന്നും പിടിക്കുന്ന ആനകൾക്കുള്ള രണ്ടു ക്രാളുകൾ, മദപ്പാടുള്ള ആനകൾക്കുള്ള കൊട്ടിൽ, പോസ്റ്റുമോർട്ടം കേന്ദ്രം, പാപ്പാന്മാർക്കുള്ള നാലു വിശ്രമ കേന്ദ്രങ്ങൾ, 4 കിലോമീറ്റർ നീളത്തിൽ അതിർത്തിവേലി, 1.2 കിലോമീറ്റർ ഫോറസ്റ്റ് റോഡ്, ആനകളെ പാർപ്പിക്കുന്ന സ്ഥലത്തേക്ക് ജലവിതരണം, വൈദ്യുതി വിതരണം, വെറ്ററിനറി ആശുപത്രി സമുച്ചയം, സന്ദർശകമേഖലയിൽ പാർക്കിംഗ് ലോട്ടുകൾ, എൻട്രൻസ് പ്ലാസ, ആഫീസ് കെട്ടിടം, റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ, രണ്ടു സബ് സ്റ്റേഷനുകൾ, കഫറ്റീരിയ, ടോയിലറ്റ് ബ്ലോക്ക്, ആനയൂട്ടു കേന്ദ്രവും പവിലിയനും, 40 പാപ്പാന്മാർക്കുള്ള ഡോർമിറ്ററി, പാപ്പാന്മാർക്കുവേണ്ടി 16 ഫാമിലി ക്വാർട്ടേഴ്സുകൾ, 10 ക്വാർട്ടേഴ്സുകളുടെ നവീകരണം, 8 പേർക്കുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്, 4 പേർക്കുള്ള ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, 40 ബെഡ്ഡുകളുള്ള ഹോസ്റ്റൽ ബ്ലോക്ക്, ഹോസ്റ്റൽ ഡൈനിംഗ് ബ്ലോക്ക്, സന്ദർശകർക്കുള്ള ടോയിലറ്റ് കോംപ്ലക്സ്, ജലശുദ്ധീകരണ പ്ലാന്റ്, ജലവിതരണ ശൃംഖല, മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ്, ഇന്റേണൽ റോഡുകളുടെ നവീകരണം, ചെയിൻ ലിങ്ക് ഫെൻസിംഗ്, ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് യൂണിറ്റ്, ആനപിണ്ഡത്തിൽ നിന്നും പേപ്പർ നിർമ്മിക്കുന്ന യൂണിറ്റ്, ഗാർഡൻ നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ്, കുട്ടികൾക്കുള്ള കളിസ്ഥലം, എല്ലാ കെട്ടിടങ്ങളിലേക്കും ഫർണിച്ചർ ഐറ്റങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. ഈ പ്രവൃത്തികൾ 95 ശതമാനം പൂർത്തിയായി. ഈ ഘട്ടത്തിലെ ഫണ്ടിന്റെ നീക്കിയിരിപ്പ് ഉപയോഗിച്ച് കോട്ടൂർ നിന്നും ആന പുനരധിവാസ കേന്ദ്രത്തിലേക്കുള്ള 1.7 കിലോമീറ്റർ ദൂരമുള്ള പഞ്ചായത്ത് റോഡിന്റെ നവീകരണം കൂടി പിന്നീട് ഏറ്റെടുത്തു. ടി റോഡ് നവീകരണ പ്രവൃത്തി 40% പൂർത്തിയായിട്ടുണ്ട്. 2019 ഡിസംബർ 21-ന് ആരംഭിച്ച ഒന്നാംഘട്ട പ്രവൃത്തികളും നിലവിൽ നടന്നുവരുന്ന റോഡിന്റെ നവീകരണ പ്രവൃത്തിയും 2024 ആഗസ്റ്റ് 15-ന് പൂർത്തിയാകുന്നതോടെ ആന പുനരധിവാസ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനു സാധിക്കും . |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങൾക്കും കിഫ്ബി അനുവദിച്ച ധനകാര്യാനുമതി സംബന്ധിച്ച നിർവ്വഹണ പുരോഗതി അറിയിക്കുമോ? | (ബി) | കിഫ്ബി 2019 ൽ ഒന്നാം ഘട്ടത്തിന് ₹ 71.92 കോടി രൂപ അനുവദിച്ചു. ഈ തുക പിന്നീട് ₹ 79.06 കോടിയായും ഒടുവിൽ ₹ 82.38 കോടിയായും വർദ്ധിപ്പിച്ചു. ജി.എസ്.ടി. കൂടെ കണക്കിലെടുത്താണ് തുക വർദ്ധിപ്പിച്ചത്. ഇതിൽ 15-06-2024 വരെ ₹ 62.82 കോടി ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ